## ഗ്രാമവികസന കമ്മീഷണറേറ്റിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുടെ നടപടിക്രമം.

(ഹാജർ; അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ്- ജീവനക്കാര്യം -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I-ഗ്രേഡ് II എന്നിവരുടെ സംസ്ഥാന തലത്തിൽ പാലിച്ചിരുന്ന അനുപാതം ജില്ലാതലത്തിൽ പുന;ക്രമീകരിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നം. 1680/എസ്റ്റാ.ബി2/18/സിആർഡി, തീയതി; 19.12.2018.**

പരാമർശം- 1. സ.ഉ (സാധാ) നമ്പർ 687/18/തസ്വഭവ തീയതി. 14/03/2018.

2. ഈ ഓഫീസിലെ 04.06.2018-ലെ ഇതേ നമ്പർ നടപടിക്രമം.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I-ഗ്രേഡ് II തസ്തികകൾ തമ്മിലുളള അനുപാതം ജില്ലാതലത്തിൽ പരമാവധി നിശ്ചയിച്ച പ്രകാരം നിർത്തുന്നതിനും ഗ്രേഡ് I തസ്തികയിൽ സംസ്ഥാനതല സ്ഥലംമാറ്റം നൽകുമ്പോൾ അനുപാതം പാലിക്കുന്നതിനും കൂടാതെ ഗ്രേഡ് II തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുളള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ **sanctioned strength** പുനഃക്രമീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലും ലയിപ്പിച്ചതിനെ തുടർന്ന് ലയിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ വിഇഒ സർക്കിളുകൾ ഇല്ലായതിനാൽ ആകെയുണ്ടായിരുന്ന 2055 വിഇഒ സർക്കിളുകൾ 1965 ആയി കുറയുകയുണ്ടായി.

ഈ സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി വിന്യസിച്ചിട്ടുള്ള വിഇഒ സർക്കിളുകളുടെ എണ്ണം 1965 ആയി നിജപ്പെടുത്തിയും വിഇഒ സർക്കിളുകൾ താഴെപറയും പ്രകാരം ക്രമീകരിച്ചും പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നില്നിർത്തിയും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | വിഇഒ മാരുടെ അനുവദനീയമായ എണ്ണം | ഗ്രേഡ്-I | ഗ്രേഡ് II |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 158 | 79 | 79 |
| 2 | കൊല്ലം | 154 | 77 | 77 |
| 3 | പത്തനംതിട്ട | 109 | 54 | 55 |
| 4 | ആലപ്പുഴ | 151 | 76 | 75 |
| 5 | ഇടുക്കി | 102 | 51 | 51 |
| 6 | കോട്ടയം | 140 | 70 | 70 |
| 7 | എറണാകുളം | 184 | 92 | 92 |
| 8 | തൃശ്ശൂർ | 195 | 97 | 98 |
| 9 | പാലക്കാട് | 173 | 87 | 86 |
| 10 | മലപ്പുറം | 189 | 94 | 95 |
| 11 | കോഴിക്കോട് | 146 | 73 | 73 |
| 12 | വയനാട് | 46 | 23 | 23 |
| 13 | കണ്ണൂർ | 142 | 71 | 71 |
| 14 | കാസർഗോഡ് | 76 | 38 | 38 |
| ആകെ | | 1965 | 982 | 983 |

മേൽ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന വിധം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ അംഗീകൃത എണ്ണവും അനുപാതവും കർശനമായി അതാത് ജില്ലയിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാരും ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരും പാലിക്കേണ്ടതാണ്.

ടി സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിൽ സംസ്ഥാന തലത്തിൽ പാലിച്ചിരുന്ന ഗ്രേഡ് I-ഗ്രേഡ് II അനുപാതം ജില്ലാതലത്തിൽ പുനർനിർണ്ണയിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്. ഗവൺമെന്റ് സെക്രട്ടറിയേറ്റ്
2. എല്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്ക്.
3. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക്.
4. ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

ജെബി